LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിൽ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം

136 [1612] ശ്രീ. എൻ. രാജൻ:
,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ മാലിന്യ സംസ്ക്കരണത്തിനുള്ള എന്തെല്ലാം സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എത്രകാലംകൊണ്ട് പൂർണ്ണതോതിൽ ജൈവമാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ആശുപത്രികളിൽ ഏർപ്പെടുത്തുന്നതിന് കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇൻസിനറേറ്റർ ഉപയോഗിച്ച് മാലിന്യങ്ങൾ സംസ്ക്കരിക്കുക, പ്രത്യേകം തയ്യാർ ചെയ്യപ്പെട്ട കുഴിയിൽമൂടുക, കത്തിച്ചുകളയാൻ പറ്റുന്നവ കത്തിച്ചു കളയുക തുടങ്ങിയവയാണ് ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ.

(ബി) ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനായി ആധുനികവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ അവലംബിക്കുവാൻ ആലോചനയുണ്ട്. ഇതിനായി പ്രത്യേകതരം കളർകോഡ് ഉള്ള കവറുകളിലും ബാഗുകളിലും ശേഖരിച്ച് തരംതിരിച്ച് ഒരോ മേഖലയിലുമുള്ള സംസ്ക്കാരണശാലയിൽ പ്രത്യേക സംവിധാനത്തിലൂടെ എത്തിച്ച് സംസ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നുത്.

(സി) ധനലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കുവനാണ് ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലും ആശുപത്രിയിലുമുള്ള വികസന പരിപാടികൾ

137 [1613] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലും ആശുപത്രിയിലുമായി 2001 മേയ് മാസത്തിനുശേഷം എന്തെല്ലാം വികസന പരിപാടികളും പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;